# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വടക്കേക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം പി.12/1715/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 19/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം പി.12/1715/2023 തീയ്യതി: 19/12/2023

## എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 14-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-11-2023 | 14-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ധീരജ് ജെ., ഓഡിറ്റ് ഓഫീസർ
2. ബിന്ദു സദാനന്ദൻ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. റഷീദ് സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. നിജു സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രശ്മി അനിൽകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ജെയിൻ വർഗ്ഗീസ് പാത്താടൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജെസീന്ത.കെ.പി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2022 | 26-10-2022 |
| ലെനീഷ് വി എൻ | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2022 | 31-03-2023 |
| ശ്രീമതി സ്മിത.കെ.ടി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ ശോഭ | മെഡിക്കൽ ഓഫീസർ (സിഎച്ച് സി),മൂത്തകുന്നം | 01-04-2022 | 03-07-2022 |
| ഡോ.സീന | മെഡിക്കൽ ഓഫീസർ (സി എച്ച് സി,മൂത്തകുന്നം) | 04-07-2022 | 31-03-2023 |
| ഡോ കെ.ബി.അനിൽകുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 17-04-2022 |
| ഡോ.അഫ്സൽഎ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 17-04-2022 | 31-03-2023 |
| ഡോ.ജിബിൻ | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2022 | 28-06-2022 |
| ഡോ.സുധ | മെഡിക്കൽ ഓഫിസർ,ആയുർവേദം | 29-06-2022 | 31-03-2023 |
| ശ്രീമതി സൂലേഖ.എം.എൻ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 01-08-2022 |
| ശ്രീമതി.സുജ ദേവൻ വി | ഫിഷറീസ് ഇൻസ്പെക്ടർ | 02-08-2022 | 16-12-2022 |
| ചിപ്പി ഖാദർ | ഫിഷറീസ് ഇൻസ്പെക്ടർ | 16-12-2022 | 31-03-2023 |
| ശ്രീ മധു | വി.ഇ.ഒ മൂത്തകുന്നം | 01-04-2022 | 05-09-2022 |
| ഗിരീഷ് | വി.ഇ.ഒ മൂത്തകുന്നം | 06-09-2022 | 31-03-2023 |
| മിനി | വി.ഇ.ഒ വടക്കേക്കര | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| റെസിയ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 05-11-2022 |
| ശ്രീമതി സന്ധ്യ എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-11-2022 | 07-12-2022 |
| ശ്രീ.സുനിൽകുമാർഎം ബി | ഡയറി എക്സ്റ്റൻഷ്യൻ ഓഫീസർ | 08-12-2022 | 31-03-2023 |
| ശ്രീ സാബു | എച്ച്.എം. എസ്.എൻ.വി.എൽ.പി.സ്കൂൾ | 01-04-2022 | 30-06-2022 |
| ശ്രീമതി.ലത.കെ.പി | എച്ച്.എം. എസ്.എൻ.വി.എൽ.പി.സ്കൂൾ | 01-07-2022 | 31-03-2023 |
| ഡോ.നസിയ റഹ്മാൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| നീതു എൻ.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | പലിശയില്ലാതെ ബാങ്കിലെ നീക്കിയിരുപ്പ് - പലിശ നഷ്ടം | 1-1-4 |
| 6 | ഇ-ടെൻഡർ ഫീസ് പൂർണ്ണമായി പഞ്ചായത്തിൽ അടവാക്കിയില്ല | 1-1-5 |
| 7 | E-Payment മുഖേന ലഭിച്ച തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തനതു വരുമാനം അവലോകനം | 1-11 |
| 18 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല | 1-12 |
| 19 | സഞ്ചയയിൽ വ്യവസായ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 20 | വ്യാവസായിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് സഞ്ചയയിൽ ഉപയോഗ ക്രമം മാറി വസ്തുനികുതി കണക്കാക്കിയതു സംബന്ധിച്ച് | 1-14 |
| 21 | വസ്തുനികുതി ഈടാക്കിയതിൽ കുറവ് | 1-15 |
| 22 | അനധികൃത നിർമ്മാണം തുടർനടപടി സ്വീകരിക്കുന്നില്ല | 1-16 |
| 23 | വസ്തുനികുതി റവന്യൂ റിക്കവറി-സഞ്ചയയിൽ പോസ്റ്റിംഗ് കാലികമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 24 | തൊഴിലുറപ്പ് പ്രൊജക്റ്റ് - നിർവ്വഹണത്തിലെ അപാകതകൾ | 1-18 |

| | | |
|---|---|---|
| 25 | തൊഴിലുറപ്പ് പദ്ധതി - മുളയുടെ ഉപയോഗം - നിരക്ക്, ഫയൽ സൂക്ഷിപ്പ് - അപാകത. | 1-18-1 |
| 26 | മെറ്റീരിയൽ പ്രവൃത്തികൾ - ബിൽ സൂക്ഷിക്കുന്നില്ല | 1-18-2 |
| 27 | നിയമപ്രകാരമുള്ള ടി.ഡി.എസ്. ഈടാക്കുന്നില്ല. | 1-18-3 |
| 28 | സി ഐ ബി അധിക നിരക്ക് - 2000 രൂപ നഷ്ടം. | 1-18-4 |
| 29 | എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ ഇ-ടെണ്ടർ ഫീസ് അടവാക്കാത്തത് | 1-19 |
| 30 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 1-20 |
| 31 | മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ - രേഖകൾ ഹാജരാക്കാത്തതിനാൽ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-21 |
| 32 | മുൻകൂർ നൽകിയ തുകയ്ക്കുള്ള ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല. | 1-22 |
| 33 | ജെക്സ്-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-23 |
| 34 | എസ്.എസ്.കെ. പദ്ധതി -പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. | 1-24 |
| 35 | വിനിയോഗ വിവരം (ഐ.കെ.എം) ലഭ്യമായിട്ടില്ല. | 1-25 |
| 36 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച്. | 1-26 |
| 37 | വിവിധ വാർഡുകളിൽ പുസ്തകക്കൊട്ടിൽ- പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ | 1-27 |
| 38 | ഫ്ലോട്ടിങ് ജെ.സി.ബി.ക്ക് വേണ്ടി തുക കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. | 1-28 |
| 39 | പഞ്ചായത്തിൽ എ.സി, മറ്റ് ഇലക്ട്രിക്കൽ / ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ | 1-29 |
| 40 | പഞ്ചായത്തിലെ റെക്കോർഡ് റൂം നിർമ്മാണം സംബന്ധിച്ച്. | 1-30 |
| 41 | റോഡിലെ പോസ്റ്റുകൾ മാറ്റൽ : ഡെപ്പോസിറ്റ് പ്രവൃത്തി – വിശദാംശങ്ങളില്ല. | 1-31 |
| 42 | തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ | 1-32 |
| 43 | പാൽ അളന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല . | 1-33 |
| 44 | സേവന ഫീസ് - ഉത്തരവിൻമേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല | 1-34 |
| 45 | തോട് ശുചീകരണം - എസ്റ്റിമേറ്റ് / ഡാറ്റ തയ്യാറാക്കൽ - അപാകതകൾ | 1-35 |
| 46 | റോഡ് റെസ്റ്റോറേഷൻ ചാർജ് - ജി.എസ്.ടി. അടവാക്കിയില്ല – ഇതര അപാകതകൾ | 1-36 |
| 47 | മട്ടുപ്പാവ് പച്ചക്കറി കൃഷി - വനിത - പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ | 1-37 |
| | ഭാഗം **2** | |

--- No Records Found ---



| | | |
|---|---|---|
| ഭാഗം **3** | | |
| 1 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന് അധിക നിരക്ക് - 2,000/- രൂപ നഷ്ടം. | 3-1 |
| 2 | പഞ്ചായത്തിൽ എ.സി, മറ്റ് ഇലക്ട്രിക്കൽ / ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2023 ലെ 1(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വടക്കേക്കര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 18.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) 17,64,786/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11,32,294/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ്

പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റയും മൂല്യത്തിന്റയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൌണ്ട് ചെയ്യേണ്ടതാണ്

## 1-1-4 പലിശയില്ലാതെ ബാങ്കിലെ നീക്കിയിരുപ്പ് - പലിശ നഷ്ടം

പഞ്ചായത്തിൽ തനത് ഫണ്ട് അക്കൗണ്ടിനായി (E Payment) SBI ലുള്ള കറണ്ട് അക്കൗണ്ടിൽ 31.03.2023 ൽ 46,33,067/- രൂപ നീക്കിയിരുപ്പുണ്ട്. ടി അക്കൗണ്ടിലെ തുക പലിശ ലഭിക്കുന്ന അക്കൗണ്ടിലെക്ക് മാറ്റാത്തതിനാൽ പലിശ നഷ്ടം വരുന്നു.

## 1-1-5 ഇ-ടെൻഡർ ഫീസ് പൂർണ്ണമായി പഞ്ചായത്തിൽ അടവാക്കിയില്ല

2022-23 വർഷം വിവിധ മരാമത്ത് പ്രവൃത്തികളുടെ ഇ –ടെൻഡർ ഫീസായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് നം. 37160436722 ൽ ലഭിച്ച 50,590/- രൂപ ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

## 1-1-6 E-Payment മുഖേന ലഭിച്ച തുക ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല

തനത് ഫണ്ടിന്റെ E-Payment അക്കൗണ്ടിന്റെ (SBI A/c- 37044190122) ബാങ്ക് റീക്കൺസീലിയേഷനിൽ 31.03.2023 ൽ 16,341/- രൂപ Directly Debited By Bank എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഈ തുകയിൽ 12,414/- രൂപ സഞ്ചയ സോഫ്റ്റ് വെയറിൽ വരവ് ലഭിച്ചിട്ടുണ്ടെങ്കിലും ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. കൂടാതെ വിവിധ ദിവസങ്ങളിൽ മറ്റ് വരവുകളായി ലഭിച്ച 3,927/- രൂപയുടെ ക്രെഡിറ്റും ബാങ്ക് അക്കൗണ്ടിൽ വന്നിട്ടില്ല.

## 1-2 ബജറ്റ്

വടക്കേക്കര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള ബജറ്റ് 25.03.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 17.03.2023 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് (25.03.2022 തീയതിയിലെ തീരുമാനം നം. 1) | പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് (17.03.2023 തീയതിയിലെ തീരുമാനം നം. 2(1)) |
|---|---|---|
| മുന്നിരുപ്പ് | ₹ 2,33,97,244 | ₹ 2,39,48,017 |
| വരവ് | ₹ 34,65,71,968 | ₹ 34,65,71,968 |
| ആകെ വരവ് | ₹ 36,99,69,212 | ₹ 37,05,19,985 |
| ചെലവ് | ₹ 36,79,38,168 | ₹ 36,79,38,167 |
| നീക്കിയിരുപ്പ് | ₹ 20,31,044 | ₹ 25,81,818 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,12,84,233.00 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 6,50,20,190.00 |
| ആകെ | 8,63,04,423.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,67,84,976.00 |
| നീക്കിയിരിപ്പ് | 1,95,19,447.00 |

2021-22 ലെ നീക്കിയിരുപ്പ് 2,12,84,213/- രൂപയാണ്. എന്നാൽ 2022-23 ലെ മുന്നിരുപ്പ് 2,12,84,233/- രൂപയാണ്. 20/- രൂപയുടെ വ്യത്യാസം സംബന്ധിച്ച വിവരം വാർഷിക ധനകാര്യ പത്രികയുടെ Notes On Accounts ലെ ക്രമ നം. 4 ൽ ചേർത്തിട്ടുണ്ട്.

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റു വരവ്-ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20496000 | 20496000 | 19369581 | 1126419 | 0 | Queue Bills - 51235 (GO Proj.- 4752836) |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3362496 | 3362496 | 2859856 | 502640 | 0 | GO Proj.- 259504 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 126025 | 126025 | 101008 | 25017 | 0 | GO Proj.-6975 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5997000 | 5997000 | 5258842 | 738158 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 7020000 | 7020000 | 3664882 | 3355118 | 0 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ബാങ്ക്) (Basic Grant) | 1625932 | 3312000 + 211326 (പലിശ) | 5149258 | 4357322 (*) | 0 | 791936 | (*) 2899500 Capital Contribution, 6870 Directly Paid (ACR-Sl.no.6) & Bank Charge-13 (RP30) |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied-ട്രഷറി) | 0 | 101488 | 101488 | 0 | 101488 | 0 | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied- | 4797000 | 4968000 | 9765000 | 3373527 (*) | 0 | 6391473 | (*) 211666 Capital Contribution, |

| | | | | | | | |
|---|---|---|---|---|---|---|---|
| ബാങ്ക്) | | | | | | | |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied-ട്രഷറി) (Performance Grant) | 0 | 2590380 | 2590380 | 200200 | 2390180 | 0 | |
| Awards & Honours - Krishi Bhavan 320100105 | 300000 (*) | 0 | 300000 | 0 | 0 | 300000 | |
| Rural Housing - Housing For All 320100160 | 5740000 (*) | 300000 | 6040000 | 5715346 (#) | 0 | 324654 | (*) Amt Trf For Fund From Other Govt. Agencies - 320300199 (#) 4305346/-(I-18) |
| Grant, Fund From Other Govt Agencies 320300199 | 22476 | 0 | 22476 | 0 | 0 | 22476 | |
| National Program For Person With Disabilities 320100145 | 522665 | 0 | 522665 | 284737 | 0 | 237928 | |
| Grant For Specific Purpose-Health Grant 320100201 | 0 | 450000 | 450000 | 0 | 0 | 450000 | |
| ഹെൽത്ത് ഗ്രാന്റ് (Support For Diagnostic Infrastructure To PHCs) 320100202 | 0 | 421153 | 421153 | 100122 | 0 | 321031 | 122-bank Charges RP-30(P) |
| ഹെൽത്ത് ഗ്രാന്റ് (Conversion Of PHCs & Subcentres To Health & Wellness Centres) 320100204 | 0 | 246494 | 246494 | 243622 | 0 | 2872 | 122-bank Charges RP-30(P) |

| | | | | | | | |
|---|---|---|---|---|---|---|---|
| ഐ.സി.ഡി.എസ് 320100196 | 1395901 | 1446038 | 2841939 | 465519 | 0 | 2376420 | |
| സമ്പൂർണ്ണ ശുചിത്വം 320100181 | 1906 | 0 | 1906 | 0 | 0 | 1906 | |
| ശുചിത്വ മിഷൻ ഗ്രാന്റ് 320100198 | 837 | 0 | 837 | 0 | 0 | 837 | |
| സാക്ഷരത മിഷൻ 320100197 | 8655 | 243 | 8898 | 0 | 0 | 8898 | |
| വിമുക്തി ഗ്രാന്റ് 320100190 | 50600 | 0 | 50600 | 47520 | 0 | 3080 | |
| നിർമ്മൽ പുരസ്കാർ 320100191 | 331620 | 0 | 331620 | 0 | 0 | 331620 | |
| Grant For Solid Waste Management 320200304 | 1280 | 691947 | 693227 | 690546 | 0 | 2681 | |
| LIFE State Share | 6062476 | 0 | 6062476 | 6062476 (*) | 0 | 0 | (*) Amt Transfered To Prior Period Expense (I-18) A/c 290800501 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 181 | 15,89,25,153/- | 152 | 5,39,12,004/- | 124 | 28 | 29 | 68.51% |

പദ്ധതി നിർവ്വഹണത്തിൽ വിവിധ ഗ്രാന്റിനങ്ങളുടെ വിനിയോഗ വിവരം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവിന്റെ % |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | ₹20496000 | ₹20496000 | ₹19369581 | 94.50% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | ₹3362496 | ₹3362496 | ₹2859856 | 85.05% |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | ₹126025 | ₹126025 | ₹101008 | 80.15% |
| സംരക്ഷണ ഗ്രാന്റ് | 0 | ₹5997000 | ₹5997000 | ₹5258842 | 87.69% |

| | | | | | |
|---|---|---|---|---|---|
| (റോഡ്) | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | ₹7020000 | ₹7020000 | ₹3664882 | 52.20% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant)(UnTied) | ₹ 1625932 | ₹3413488 + 211326 (പലിശ) | ₹5250746 | ₹4357322 | 82.98% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | ₹4797000 | ₹7558380 | ₹12355380 | ₹3573727 | 28.92% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 683 | 11,74,244 | 11,74,927 | 11,69,661 | 5,266 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,41,69,778 | 4,41,69,778 | 4,41,69,778 | 0 |
| ആകെ | 683 | 4,53,44,022 | 4,53,44,705 | 4,53,39,439 | 5,266 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 54 | 6,22,400/- |
| 2 | വിധവാ പെൻഷൻ | 1511 | 1,55,06,800/- |
| 3 | വാർധക്യകാല പെൻഷൻ | 3973 | 3,57,35,900/- |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 224 | 24,54,400/- |
| 5 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 377 | 40,55,900/- |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 16 | 4,80,000/- |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.11.23 തീയതിയിൽ 2.50 P.M ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10398/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ജനറൽ മിനിട്സ്, ധനകാര്യ കമ്മിറ്റി മിനിട്സ്, സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്സ്, മറ്റു രേഖകൾ എന്നിവ ശരിയാംവണ്ണം പരിപാലിച്ചുവരുന്നുണ്ട്. യോഗതീരുമാനങ്ങളും രേഖപ്പെടുത്തുന്നുണ്ട്. ഓഡിറ്റുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിക്കേണ്ട ഭൂരിഭാഗം രജിസ്റ്ററുകളും പ്രധാനപ്പെട്ട രേഖകളും ശരിയാംവണ്ണം പരിപാലിച്ച് വരുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.09.2022 | 01.04.22 മുതൽ 31.08.22 വരെ | 15.09.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.16 | 2011-12 മുതൽ 2015-16 വരെ | 27.08.2016 |

1-11 തനതു വരുമാനം അവലോകനം

എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിൽ പറവൂർ ബ്ലോക്കിൽ ആകെ 20 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന വടക്കേക്കര പഞ്ചായത്തിന്റെ അതിരുകൾ വടക്കുഭാഗത്ത് പുത്തൻ വേലിക്കര, തൃശ്ശൂർ ജില്ലയിലെ എറിയാട്, മേത്തല പഞ്ചായത്തുകളും, തെക്കുഭാഗത്ത് ചിറ്റാറ്റുകര, പള്ളിപ്പുറം പഞ്ചായത്തുകളും, കിഴക്കുഭാഗത്ത് ചേന്ദമംഗലം, പുത്തൻവേലിക്കര, ചിറ്റാറ്റുകര പഞ്ചായത്തുകളും, പടിഞ്ഞാറുഭാഗത്ത് പള്ളിപ്പുറം, എറിയാട് (തൃശ്ശൂർ) പഞ്ചായത്തുകളുമാണ്. വടക്കേക്കര പഞ്ചായത്തിന്റെ മൂന്നതിരിലും പുഴയാണ്.

ഒരുകാലത്ത് വൻതോതിൽ ചെമ്മീൻപരിപ്പ കയറ്റുമതി, ഉണക്കമീൻ കയറ്റുമതി എന്നിവയും കൊപ്ര, കയർ എന്നിവ വ്യാവസായിക അടിസ്ഥാനത്തിലും ചക്കരയുല്പാദനം, കള്ളുല്പാദനം എന്നിവയും ഇവിടെ നടത്തിയിരുന്നു.

തൻവർഷം പഞ്ചായത്തിന്റെ പെർമ്മിറ്റ്, ഫീസ്, കടവ് ലേലം, നികുതി തുടങ്ങി നികുതിയേതര -നികുതി വരവുകൾ പരിശോധിച്ചതിൽ തനതു വരുമാനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച വിവരങ്ങൾ വിശദമായി ചുവടെ ചേർക്കുന്നു.

I) പഞ്ചായത്തിന്റെ ആസ്തികളിൽ വാടക, ലേലം/പാട്ടത്തിനു നൽകാവുന്ന സംഗതികളിൽ വരുമാനം നഷ്ടം സംഭവിക്കാതിരിക്കാനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലേലത്തിൽ നിന്നും കെട്ടിടങ്ങളുടെ വാടകയിനത്തിലും പഞ്ചായത്തിനു തൻവർഷം വരുമാനമുണ്ട്. വാടകയിനത്തിൽ 195276/- രൂപയും ലേലത്തിൽ നിന്നും 81960/-രൂപയും മണൽ വാരൽ റോയൽറ്റി, ക്ലീനിംഗ്, വേസ്റ്റ് സെയിൽ ചാർജ്ജ് എന്നിവയിൽ നിന്നുമായി 245678/- രൂപയും ആണ് വരുമാനം. കമ്മ്യൂണിറ്റി ഹാളിൽ നിന്നും 9500/- രൂപ മാത്രമാണ് വരുമാനം. വരുമാന ചോർച്ച ഉണ്ടാകാതിരിക്കാൻ ആസ്തികളുടെ പരിപാലനത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

II)ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. കാലികമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ പേരും കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 232, 233, കേരള പഞ്ചായത്തീ രാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് .

III)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുമ്പോൾ വസ്തുനികുതി അടവാക്കാത്ത വാണിജ്യ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി കൃത്യത വരുത്തേണ്ടതും ഡി ആന്റ് ഓ ലൈസൻസ് അപേക്ഷ സ്വീകരിക്കുന്ന സമയത്ത് നികുതി അടവ് വിവരം പരിശോധിക്കേണ്ടതുമാണ്.

IV)കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. കെട്ടിട ഏരിയയുടെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ ഉണ്ട്. റസിഡൻഷ്യൽ ഹോം സ്റ്റേ/വാടക ആവശ്യങ്ങൾക്കായി ഇത്തരം കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്നതും ഇത്തരം പരിശോധനയിലൂടെ കണ്ടെത്തിയാൽ നികുതിചോർച്ച ഒഴിവാക്കാനാകും
V)വസ്തുനികുതി- റോഡിന്റെ വീതിക്ക് ബാധകമായ വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്ന പരിശോധന അനിവാര്യം

5മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള സംഗതികളിൽ, അതുപോലെ സ്ഥല പരിശോധനയിൽ പുതിയ അപ്രകാരമുള്ള റോഡ് സൗകര്യം പഴയ കെട്ടിടത്തിനു ലഭ്യമാക്കിയതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ സഞ്ചയയിൽ ടി കെട്ടിടത്തിന് 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ കൂടി അഞ്ച് മീറ്ററോ അതിൽ കൂടുതലോ മീറ്ററിൽ വീതിയുള്ള റോഡിന് ബാധകമായ 20% വർദ്ധനവ് വരുത്തിയിട്ടുണ്ടോ എന്നുള്ള പരിശോധന നടത്തേണ്ടതാണ്.

VI) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും

സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ തെരുവ് വിളക്ക്, കുടിവെള്ള വിതരണ സേവനങ്ങൾ ഏർപ്പെടുത്തിയ പ്രദേശത്തിലോ/ ഏതെങ്കിലും പ്രദേശങ്ങളിലോ ചട്ടപ്രകാരം സേവന ഉപനികുതി പിരിക്കേണ്ടതാണ്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

VII)തൊഴിൽ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ നികുതിയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിൽ ട്രേഡ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യപ്പെടുന്നില്ല

VIII) പഞ്ചായത്തിൽ ഇ-പേയ്മെന്റ്സ് സ്വീകരിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നത് എസ്.ബി.ഐ യുടെ വടക്കേക്കര ബ്രാഞ്ചിലുള്ള കറന്റ് അക്കൗണ്ടാണ്(നം: 37044190122). AFS പ്രകാരം ഈ അക്കൗണ്ടിൽ ₹46,33,067 നീക്കിയിരുപ്പ് ഉള്ളതായി കാണുന്നു. ഇപ്രകാരം ഇ-പേയ്മെന്റ്സ് വഴി ഈ അക്കൗണ്ടിൽ ലഭിക്കുന്ന തുകകൾ നിശ്ചിത ഇടവേളകളിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് അല്ലെങ്കിൽ കൂടുതൽ പലിശ വരവ് ലഭിക്കുന്ന തരത്തിൽ ഓട്ടോ സ്വീപ്പ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
IX) ദ്വീപ് ഉള്ള, കണ്ടൽക്കാടുകൾ നിറഞ്ഞ, ജലാശയമാർഗ്ഗമുള്ള പഞ്ചായത്തിൽ ടൂറിസത്തിൽ നിന്നും വരുമാനമില്ല. അത്തരം വരുമാന സാധ്യതകൾ പരിശോധിക്കേണ്ടതാണ്

ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടവിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-12 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തി തൊഴിൽ നികുതിക്ക് വിധേയനാകുന്നതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി(രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഫ്ലൈ സ്പോർട്ട്സ് | 7/197A | 13(ലൈസൻസ് അപേക്ഷ പ്രകാരം) |
| 2 | ആരോഗ്യ ഫാർമ്മസ്യൂട്ടിക്കൽസ് | 9/47 | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 3 | പിൻ ജോസഫ് സർവ്വീസ് സെന്റർ | 12/419B | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 4 | മാടവന ഐസ് പ്ലാന്റ്-2 | 1/121 C | 5(ഫാക്ടറി ലൈസൻസ് പ്രകാരം) |
| 5 | കിയ പ്രൊഡക്ട്സ് | 9/496G | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 6 | സ്പീഡ് ഫോർ യു-ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് | 10/583,584 | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 7 | മാളിയേക്കൽ ഇൻഡസ്ട്രീസ് | 1/121 | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 8 | പ്യാരി ബേക്കറി | 4/129 | 5(ലൈസൻസ് അപേക്ഷകൾ പ്രകാരം) |
| 9 | കരുണ പീലിംഗ് | 1/161-1 | 15ലൈസൻസ് അപേക്ഷ |

| | | | |
|---|---|---|---|
| | | | പ്രകാരം) |
| 10 | അരോമ പീലിംഗ് | 2/47 | 15(ലൈസൻസ് അപേക്ഷ പ്രകാരം) |
| 11 | ജ്യൂവൽ സീ ഫുഡ്സ് | 18/107 | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 12 | എം ആർ ഇൻഡസ്ട്രീസ് | 4/315 | 7(ലൈസൻസ് അപേക്ഷ പ്രകാരം) |
| 13 | വിഷ്ണു ഓട്ടോവർക്ക്സ് | 20/176A | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 14 | ജോബിൻ എഞ്ചിനീയറിംഗ് വർക്ക്സ് | 17/95 | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 15 | അഭിജിത്ത് ഡ്രൈ ഫിഷ് പാക്കിംഗ് യൂണിറ്റ് | 13/214 | 5(ലൈസൻസ് അപേക്ഷ പ്രകാരം) |
| 16 | സാൻസ് ഫുഡ് | 3/329 | 7(ലൈസൻസ് അപേക്ഷ പ്രകാരം) |
| 17 | അടിപറമ്പിൽ മറൈൻ ബോട്ട് ബിൽഡേഴ്സ് | 18/154-1 | 5 + കരാർ തൊഴിലാളികൾ (ലൈസൻസ് അപേക്ഷ പ്രകാരം) |
| 18 | കൈരളി ബേക്കറി | 11/548 | 4(ലൈസൻസ് അപേക്ഷ പ്രകാരം |
| 19 | മാർഷൽ ബോട്ട് യാർഡ് | 18/110 | 10(ലൈസൻസ് അപേക്ഷ പ്രകാരം) |
| 20 | ലക്ഷ്മി ഐസ് ഫാക്ടറി | 20/321 A(94HP) | 5ലൈസൻസ് അപേക്ഷ പ്രകാരം) |
| 21 | ശ്യാം അപ്പാരൽസ് | 11/421A | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 22 | ഫോർച്യൂൺ ലൂബ്സ് | 11/482 A | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 23 | മെഡിടെക്സ് | 7/459 | 10(ലൈസൻസ് അപേക്ഷ പ്രകാരം) |
| 24 | രുചി കാറ്ററിംഗ് | 2/427/1 | 5(ലൈസൻസ് അപേക്ഷ പ്രകാരം) |
| 25 | ഇർവ്വിൻ ഫർണ്ണീച്ചർ | 9/311 | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 26 | ഡോ.പ്രശോഭ് അഡ്വാൻസ്ഡ് ഇഎൻടി കെയർ &ഡോ.പൂർണ്ണിമായ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ കെയർ | 6/517 D | 2(ലൈസൻസ് അപേക്ഷ പ്രകാരം) |
| 27 | കളരിക്കൽ കൺസ്ട്രക്ഷൻസ് | 9/516 | 3(ലൈസൻസ് അപേക്ഷ പ്രകാരം) |

| | | | |
|---|---|---|---|
| 28 | ഗ്രിൽ 360 ഹോട്ടൽ | 6/348 D | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 29 | മാടവന-ഐസ് പ്ലാന്റ് 3 | 1/221 D | 5(ലൈസൻസ് അപേക്ഷ പ്രകാരം) |
| 30 | ലക്ഷ്മി ഗ്രാനൈറ്റ് & മാർബിൾസ് | 6/423B | 5(ലൈസൻസ് അപേക്ഷ പ്രകാരം) |
| 31 | ആര്യ ചിപ്പ്സ് | 19/152 A | 4(ലൈസൻസ് അപേക്ഷ പ്രകാരം) |
| 32 | ഓട്ടോ പാപ്പ | 9/409B | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 33 | അഖിൽ എന്റർപ്രൈസസ് | 14/342B | 6(ലൈസൻസ് അപേക്ഷ പ്രകാരം) |
| 34 | മേക്കാത്തുരുത്തിൽ സോ മിൽ | 10/123 | 2(ലൈസൻസ് അപേക്ഷ പ്രകാരം) |
| 35 | ഡിജീസ് ഡെന്റൽ കെയർ | 6/584-4 | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 36 | തമ്പുരാട്ടി മറൈൻ മെറ്റൽസ് | 18/513A | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 37 | ACCERAഡെന്റൽ സ്റ്റുഡിയോ | 10/13W | 2(ലൈസൻസ് അപേക്ഷ പ്രകാരം) |
| 38 | YNBഗ്രൂപ്പ് | 9/496H | 3(ലൈസൻസ് അപേക്ഷ പ്രകാരം) |
| 39 | പൗർണമി എന്റർപ്രൈസസ്-മാല്യങ്കര | 1/287,288 | 2(ലൈസൻസ് അപേക്ഷ പ്രകാരം) |
| 40 | ജെൻസൻ ഇൻഡസ്ട്രീസ് | 18/77 | 2(ലൈസൻസ് അപേക്ഷ പ്രകാരം) |
| 41 | കൃഷ്ണ ഓഫ് സെറ്റ് പ്രിന്റേഴ്സ് | 6/596 | 3(ലൈസൻസ് അപേക്ഷ പ്രകാരം) |

മേൽ കൊടുത്തിരിക്കുന്നത് ഏതാനും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്, IFTE & OS(Issue Of License To Industries, Factories, Trades, Entrepreneurship Activities, And Other Services) അപേക്ഷകളെ അടിസ്ഥാനമാക്കിയാണ്.

മേൽപ്പറഞ്ഞ സ്ഥാപന ഉടമകളിൽ നിന്നും ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് അയയ്ക്കുകയോ, തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

തൊഴിൽനികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി ചട്ടം 16(1) അനുസരിച്ച് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാന വിവരം ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും അതനുസരിച്ചുള്ള തൊഴിൽ നികുതി കണക്കാക്കി ചട്ടം 18 പ്രകാരം ഡിമാന്റ് നൽകുന്ന എന്ന് ഉറപ്പ് വരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിനു (നം.10/12.11.23) മറുപടി ലഭ്യമാക്കിയതിൽ അപ്രകാരം നോട്ടീസ് നൽകി തുടർനടപടി സ്വീകരിക്കുമെന്ന കാര്യത്തിൽ വ്യക്തത നൽകുന്നതിനു പകരം 2020-21 ലും 2019-20 ലും ഓഡിറ്റ് പരാമർശ പ്രകാരം നടപടി സ്വീകരിച്ചും 2021-22ൽ ഡിമാന്റിൽ ഉൾപ്പെടാത്ത 12 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയെന്നുമുള്ള വിശദീകരണമാണ് ലഭ്യമാക്കിയത്. ആയതു തൃപ്തികരമല്ല. ക്രമ നമ്പർ 1 ലെ ജീവനക്കാരിൽ നിന്നും 2023-24ൽ തൊഴിൽ നികുതി പെനാൽറ്റി ആയി ഈടാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് 205 (സി) പ്രകാരം സെക്രട്ടറിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭിച്ച ലിസ്റ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും,കമ്പനികളുടെയും, തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ അത്തരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ലൈസൻസ് പുതുക്കുന്ന മുറയ്ക്ക് സ്ഥാപനഉടമയിൽ നിന്നും അദ്ദേഹത്തിന് ബാധകമായ നികുതി ഈടാക്കി വരികയാണ് ചെയ്തു വരുന്നത്.

ഗ്രാമപഞ്ചായത്തിൽ ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപന ഉടമകളോടും സ്ഥാപനത്തിലെ ജീവനക്കാരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകേണ്ടതും ലൈസൻസ് അനുവദിച്ച മുഴുവൻ സ്ഥാപന ഉടമകളിൽ നിന്നും ജീവനക്കാരുടെ ലിസ്റ്റ് ശേഖരിച്ച് തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാർക്കും ഡിമാന്റ് നോട്ടീസ് നൽകേണ്ടതും, തൊഴിൽ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-13 സഞ്ചയയിൽ വ്യവസായ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ പ്രകാരം വ്യവസായ ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി 2022-23-വ്യവസായം, വാണിജ്യം, സംരംഭകത്വം, മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ്, സഞ്ചയയിൽ നിന്നുള്ള വ്യവസായ കെട്ടിടങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ സഞ്ചയയിൽ നിന്നുള്ള വ്യവസായ കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന 207 സ്ഥാപനങ്ങൾക്ക് ലൈസൻസെടുക്കാത്തതായി ശ്രദ്ധയിൽപ്പെടുകയും ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകുകയും ചെയ്തിരുന്നു. (നം 1/9.11.23). ലഭ്യമാക്കിയ മറുപടിയും ഓഡിറ്റ് റിമാർക്ക്സും പട്ടികയിൽ ചേർത്തിട്ടുണ്ട്

വ്യവസായം-കൈത്തറി ഷെഡ് മുതലായവ

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് & അഡ്രസ്സ് | ബിൽഡിംഗ് ഐഡി | ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിലെ സ്ഥിതി | ഓഡിറ്റ് റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 1/11/ | Dashayani Marakkapparambil | 50627010013529 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2 | 1/46/ | Romeo, Managing Partner M/s.Carewell. Marine. Tech | 50627010013526 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 3 | 1/159/ | Raghavan Thambi VENMANISSERIL | 50627010012800 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 4 | 1/161/2 | Prakasan Puthanpurakkal | 50627010013357 | | സ്ഥല പരിശോധന നടത്തി മറുപടി |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭ്യമാക്കിയിട്ടില്ല |
| 5 | 1/224/1 | Aisha, Beena Puthanpurakkal | 50627010017215 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 6 | 1/296/ | Kesavan Gopalakrishnan Mullanparambil | 50627010012248 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 7 | 1/352/A | SURENDRAN KURUPPASSERIL | 50627010017272 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 8 | 1/474/ | Narayanan Anandan Vadakkedath | 50627010012575 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 9 | 1/514/A | Anandhakumari Neelimathara | 50627010014170 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 10 | 2/368/ | Velappan Aravindan Kalathiprambil | 50627010009032 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 11 | 3/41/ | Kusumakumari Thundipparambil | 50627010007526 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 12 | 4/49/ | Coir Industry Cooperative Society | 50627010015563 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 13 | 4/97/ | RAMAKRISHNAN KALAVAMBARA | 50627010015564 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 14 | 4/196/ | Gopalakrishnan Pullarkatt | 50627010005351 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 15 | 4/227/ | SAJITH.C.P CHANDRASSERIL | 50627010011917 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 16 | 4/432/ | Appukuttan Devadas Chandrasseril | 50627010006185 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 17 | 5/284/ | Pankan Thambi Tharayil | 50627010004871 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 18 | 5/495/ | Kuttappan Valsan Charakkad | 50627010006198 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 19 | 6/25/A | Shejil Kozhikkal | 50627010014519 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 20 | 6/43/ | Ouseph Francis Cheriyapattaparambil | 50627010004557 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 21 | 6/92/ | Thevuruthil Temple | 50627010004733 | ആരാധനാലയം ആണ്. | ഉപയോഗ ക്രമം മാറി പ്രവർത്തിക്കുന്നതിൽ നടപടി സ്വീകരിക്കേണ്ടതാണ് |
| 22 | 6/207/ | Gopalakrishnan Pullarkkatt | 50627010005388 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 23 | 6/235/ | Secretary | 50627010005410 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 24 | 6/397/ | Bineesh Puzhakkaredath | 50627010010002 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 25 | 6/515/A | Sasi Thaiparambil | 50627010014568 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 26 | 6/565/ | Secratary Coir Sagakarana Sangham | 50627010010710 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 27 | 7/354/ | Shyla George Kalluveettil | 50627010012634 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 28 | 7/373/ | Johny Anthappan Marathothra | 50627010002337 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 29 | 7/402/A | Thomas Kunjeluparambil | 50627010014961 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 30 | 7/405/A | Annie David Kathanaparambil | 50627010014964 | | സ്ഥല പരിശോധന നടത്തി മറുപടി |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭ്യമാക്കിയിട്ടില്ല |
| 31 | 8/68/ | SECRETARY GANDHI SMARAKA SEVAKENDRAM NANTHIATTUKUNNAM | 50627010008918 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 32 | 8/69/ | SECRETARY GANDHI SMARAKA SEVA KENDRAM NANTHIATTUKUNNAM | 50627010008916 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 33 | 8/70/ | SECRETARY GANDHI SMARAKA SEVAKENDRAM NANTHAITTUKUNNAM | 50627010008626 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 34 | 8/317/A | Shelvi, Ramakrishnan, Sheeja, Prasad, Seema Kunnumatara | 50627010015014 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 35 | 8/414/ | Venu T.P Thaikkoottathil | 50627010009902 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 36 | 8/443/ | Saseedharan Villamparambil | 50627010006253 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 37 | 9/223/ | Secretary Coir Cooperative Society Madaplathuruth | 50627010000149 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 38 | 9/224/ | Secretary Madalathuruth Coir Cooperative Society | 50627010000151 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 39 | 9/460/1 | SAJITH.C.P. CHANDRASSERIL | 50627010015732 | 2023-24ലേക്ക് ലൈസൻസ് എടുത്തിട്ടുണ്ട് | |
| 40 | 9/460/1. | Sajith C P Chandrasseril | 50627010017629 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 41 | 10/38/1 | Johnson Mekkamthuruthy | 50627010005536 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 42 | 10/134/ | SANTHOSH THAIVEPPIL | 50627010017107 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 43 | 10/151/A | SHIBU FRANCIS PYNEDATH | 50627010016506 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 44 | 10/508/A | VISWAMBHARAN MANAPPURATH | 50627010016771 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 45 | 10/523/ | Shaji, Pulikkal | 50627010012173 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 46 | 11/310/ | Raghavan Gopi Ramapprambil | 50627010000883 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 47 | 11/544/A | Sushama W/o Dasan Kalathipparambu | 50627010014881 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 48 | 12/87/A | MURALEEDHARAN THAIKOOTTATHIL | 50627010014763 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 49 | 12/116/ | K.T.Sunilkumar Kundottil | 50627010015619 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 50 | 12/231/ | Secretary Thuruthipuram Coir Cooperative Society | 50627010010927 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 51 | 12/256/1 | Chandran Ammini Pallithara | 50627010009991 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 52 | 13/1/ | Secretary Kottappuram Integrated Development Society | 50627010001476 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 53 | 13/22/A | Mercy Moolan | 50627010014920 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 54 | 13/214/ | Mini Sivadasan Nambadanthara | 50627010011254 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 55 | 13/449/A | CHITHARENJAN CHAKKUMARASSERIL | 50627010016047 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 56 | 14/43/1 | ANEESH GOPI, SUSEELA | 50627010003728 | | സ്ഥല പരിശോധന |

| | | | | | |
|---|---|---|---|---|---|
| | | CHANTHUVINKATTIL HOUSE | | | നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 57 | 14/68/ | Usha. Tharakandathil | 50627010003821 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 58 | 14/77/ | Raman Ayyappan Puzhakkaredath | 50627010003830 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 59 | 14/82/ | Meenakshi Perumuttath | 50627010003815 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 60 | 14/86/B | Coir Vyavasaya Sahakarana Sankham Kliptham E.666 | 50627010014814 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 61 | 14/159/A | Swamini Sreenarayana Sevika Asramam | 50627010014477 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 62 | 14/183/ | Secretary Paliathuruth Coir Cooperative Society | 50627010009869 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 63 | 14/184/ | Secretary Paliathuruth Coir Cooperative Society | 50627010009870 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 64 | 14/185/ | Secretary Paliathuruth Coir Cooperative Society | 50627010009871 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 65 | 14/189/ | Thulasi Santhappan Kuruppasseril | 50627010009868 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 66 | 14/262/ | Sushama Ponnanchery | 50627010003995 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 67 | 14/337/ | Salilam Parambatheril | 50627010004047 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 68 | 14/381/ | President Vavakkad Coir Co Operative Society | 50627010011857 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 69 | 15/1/A | Ally,Hari Nambyath | 50627010014353 | | സ്ഥല പരിശോധന നടത്തി മറുപടി |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭ്യമാക്കിയിട്ടില്ല |
| 70 | 15/321/ | Secretary<br>Central Socity<br>Of Vavakkad | 50627010003246 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 71 | 15/410/ | Ramesh S/o Sekharan<br>Manakkedath | 50627010010105 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 72 | 15/419/ | Secretary<br>Vavakkad Coir<br>Cooperative Society | 50627010010093 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 73 | 16/81/ | Francis<br>Kalangara | 50627010001101 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 74 | 16/83/ | P.T. Francis<br>Panakkal | 50627010008541 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 75 | 16/287/ | The Secretary<br>C.S. No.145 Vaka<br>Madaladi Yadram | 50627010002210 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 76 | 16/415/ | Secretary<br>C.v.e.s. No. 148<br>(Coir Vyvasaya<br>Sahakarana<br>Sangham No 148) | 50627010004816 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 77 | 17/27/ | Suja Majeed,Rasya<br>Kareem<br>Pananchikkal | 50627010008374 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 78 | 17/269/ | JUDY<br>PADAMATTUMMAL | 50627010003282 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 79 | 17/421/ | Lonan George<br>Kanakkassery | 50627010003685 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 80 | 18/13/ | Abdul Kareem,<br>Poovathumparambil<br><br>Abdul Jabbar,<br>Padinjare Veettil<br><br>Ismail, | 50627010013785 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | Kaithakkaparambil<br><br>Sulaiman,Pulikkal<br><br>Muhammed, Puthankadappurath<br><br>Abdul Jaleel Poovathumparambil | | | |
| 81 | 18/46/ | Shanmugan Mattuthara | 50627010004644 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 82 | 18/266/ | Manuel S/o Istho Olattupurath | 50627010016469 | | |
| 83 | 18/505/ | Suresh S/o Paramu Attippetty | 50627010005261 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 84 | 18/506/ | Suresh S/o Paramu Attippetty | 50627010005265 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 85 | 19/434/1 | P.V.Antony Padamattummal | 50627010015581 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 86 | 20/190/ | Secretary Kayar Vyavasaya Sahakarana Sangham No.212 | 50627010012086 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 87 | 20/191/ | Coir Trade Co Operative Society | 50627010013056 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |
| 88 | 20/194/ | Coir Vevasaya Sangham | 5062701001208 | | സ്ഥല പരിശോധന നടത്തി മറുപടി ലഭ്യമാക്കിയിട്ടില്ല |

ഇതരവ്യവസായം

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് & അഡ്രസ്സ് | ബിൽഡിംഗ് ഐഡി | ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 1/84/A | JOSHI M P MADAVANAKKADU | 50627010019025 | സ്ഥല പരിശോധന നടത്തി മറുപടി |

| | | | | |
|---|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹5,00,000/- (പ്ലാൻ-ജനറൽ) |
| ചെലവ് | ₹1,84,600/- |
| ബിൽ നം, തീയതി | 433/28.03.2023 |

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ സംയുക്ത പ്രോജക്റ്റ് (നമ്പർ 55/23) പ്രകാരം ഫ്ലോട്ടിങ് ജെ.സി.ബി. വാങ്ങൽ എന്ന പദ്ധതിക്ക് അഞ്ച് ഗ്രാമപഞ്ചായത്തുകൾ പദ്ധതി വിഹിതം നൽകിയിട്ടുണ്ട്. വടക്കേക്കര ഗ്രാമപഞ്ചായത്ത് വിഹിതമായ 1,84,600/-രൂപ ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുകയുണ്ടായി. മേൽ പദ്ധതിക്കായി ആകെ ചെലവ് വന്ന തുകയും, ആനുപാതികമായി വടക്കേക്കര ഗ്രാമപഞ്ചായത്ത് നൽകിയ തുകയുടെ വിനിയോഗവും ഫയലിൽ ലഭ്യമായിട്ടില്ല, ആയത് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/13.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1,84,600/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-29 പഞ്ചായത്തിൽ എ.സി, മറ്റ് ഇലക്ട്രിക്കൽ / ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ

| | |
|---|---|
| പ്രോജക്ട് നം | 195/23 |
| പ്രോജക്ടിന്റെ പേര് | ഓഫീസിലേക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 4,50,000/- (പ്ലാൻ-ജനറൽ) |
| ചെലവ് | ₹3,74,972/- |
| ബിൽ നം, തീയതി | 1) 22110352003001097621/27.01.23 – 48262/-<br>2) 22110352003001949955/07.02.23 – 117630/-<br>3) 22110352003001334821/13.03.23 – 8000/-<br>4) 22110352003001472095/25.03.23 – 201080/-<br>ആകെ – 3,74,972/- |

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ എ.സി, മറ്റ് ഇലക്ട്രിക്കൽ/ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം ആകെ 374972/-രൂപക്ക് സാധനങ്ങൾ വാങ്ങുകയുണ്ടായി. 09.01.2023ന് ടെൻഡർ നോട്ടീസ് നൽകിയതായി ഫയലിൽ ഉണ്ടെങ്കിലും ക്വട്ടേഷനുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഒഴികെ 25000/-രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും നിർബന്ധമായും 'ജെം' പോർട്ടലിലൂടെ ആയിരിക്കണമെന്നാണ് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. ജെമ്മിലൂടെയുള്ള വാങ്ങൽ രീതി ഒഴിവാക്കി ടെൻഡർ നടപടിയിലൂടെ വാങ്ങിയത് ശരിയായ നടപടിയല്ല. മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി പഴയ രീതിയിൽ ടെൻഡർ നടപടി വഴി വാങ്ങിയതിലും നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ പറഞ്ഞ വാങ്ങലുകളിൽ 3 എയർ കണ്ടീഷണറുകളും വാങ്ങിയിട്ടുണ്ട്. എന്നാൽ ലഭ്യമായ ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ബ്രിക്സൺ ടെക്നോളജീസ് എന്ന സ്ഥാപനം ക്വോട്ട് ചെയ്ത നിരക്ക് 1,11,000/- രൂപയാണ്(3 എണ്ണത്തിന്) (Supply&Installation ഉൾപ്പെടെ). എന്നാൽ 'പിട്ടാപ്പിള്ളിൽ ഏജൻസീസ്'' ക്വോട്ട് ചെയ്ത ഉയർന്ന നിരക്കായ 1,17,630/-രൂപയ്ക്കാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. അധികമായി ചെലവഴിച്ചത് 6,630/-രൂപ. പ്രൊക്യൂർമെന്റ് കമ്മറ്റി മിനിറ്റ്സിലും ആയത് സംബന്ധിച്ച യാതൊരു തീരുമാനവും കൈക്കൊണ്ടതായി കാണുന്നില്ല. (പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിലും 19.7.2021 (Page-84) ന് ശേഷം പിന്നീട് എന്നാണ് യോഗം ചേർന്നതെന്നതിന്റെ വിവരങ്ങളില്ല. (Page- 88 To 93).

'ജെം' പോർട്ടലിൽ നിന്നും വാങ്ങൽ ഒഴിവാക്കി ഇലക്ട്രോണിക്സ് & ആക്സസറീസ് ഇനത്തിൽ 201080/-രൂപക്ക് ബ്രിക്സൺ ടെക്നോളജീസിൽ നിന്നും ബിൽ നം: 22110352003001472095/25.3.23 പ്രകാരം വേറെയും സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതും ശരിയായ നടപടിക്രമമല്ല. മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. എയർ കണ്ടീഷണറുകൾ കൂടിയ നിരക്കിൽ വാങ്ങിയ ഇനത്തിലുള്ള ചെലവ് നഷ്ടം 6,630/-രൂപ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ട ശീർഷകത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരിച്ചടവാക്കേണ്ടതാണ്. മേൽ ചേർത്ത മറ്റ് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവിനത്തിൽ നഷ്ടം വന്നതിനാൽ ഭാഗം 3-ൽ ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

## 1-30 പഞ്ചായത്തിലെ റെക്കോർഡ് റൂം നിർമ്മാണം സംബന്ധിച്ച്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 77/23 |
| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് റെക്കോർഡ് റൂം നിർമ്മാണം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹8,00,000/- (50,000/-പ്ലാൻ ഫണ്ട്; 7,50,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹7,91,098/- |
| ബിൽ/വൗച്ചർ നമ്പർ, തീയതി (തുക) | (1)22110352003001014901/5.1.23(41,098/-)<br>(2)XVFC/2022-23/P/17,8.12.2022 (7,50,000/-) |

റെക്കോർഡ് റൂം നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം പ്രവർത്തിക്കായി 'ആർട്ട്കോ ലിമിറ്റഡ് 'എന്ന സ്ഥാപനത്തിൽ നിന്നും 20.6.22 ന് ലഭിച്ച പ്രൊപ്പോസൽ 29.6.2022.ന്, 1(2) നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിരുന്നു. 'ആർട്ട്കോ' ലഭ്യമാക്കിയ 3.9.2022 ലെ 7,91,098/- രൂപയുടെ ഇൻവോയിസ് പ്രകാരം തുക അനുവദിക്കുകയുമുണ്ടായി. പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) നടത്താനുദ്ദേശിച്ച പ്രവൃത്തിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഫയലിലില്ല.

2) ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ ഫയലിലില്ല.

3) പ്രവൃത്തി ചെയ്ത പ്രകാരമുള്ള അളവിനും സ്പെസിഫിക്കേഷനുമുള്ള തുക തന്നെയാണോ നൽകിയത് എന്ന് ആരും പരിശോധിച്ചതിന്റെ വിശദാംശങ്ങളില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സിലും ആയതിന്റെ വിശദാംശങ്ങളില്ല.

4) ലഭ്യമായ ഇൻവോയ്സ് പ്രകാരം എം.ഡി.എഫ് ബോർഡ്, ഡോർ വിത്ത് ഗ്ലാസ് എന്നിവ ഉപയോഗിച്ച് ചെയ്ത ഈ പ്രവൃത്തി എത്ര നീളത്തിലും വീതിയിലുമുള്ള അളവിൽ പ്രവൃത്തി ചെയ്തതിനാണ് പണം അനുവദിച്ചതെന്ന് വ്യക്തമാകുന്നില്ല. ഇൻവോയ്സിൽ 5.28 M2 + 38.0 M2 എന്ന അളവ് കാണുന്നുണ്ടെങ്കിലും എം ബുക്ക് ഇല്ലാത്തതിനാൽ ചെയ്ത പ്രവൃത്തി എത്ര തോതിലാണെന്ന് വ്യക്തമല്ല.

5) എം.ഡി.എഫ് ഷീറ്റ് കൊണ്ടുള്ള നിർമ്മാണത്തേക്കാൾ ഗുണമേന്മയും ഈടുമുള്ള മരം കൊണ്ടുള്ള ഷെൽഫുകൾ അല്പം വിലയിലെ വ്യത്യാസത്തിൽ പ്രവൃത്തി നടത്താൻ മീനച്ചാൽ റബ് വുഡ് ലിമിറ്റഡ്, അടിവാരം, എന്ന സ്ഥാപനം തയ്യാറാണെങ്കിലും ആയത് പരിഗണിക്കാതിരുന്നതിന്റെ കാരണവും ഫയലിൽ നിന്നും വ്യക്തമല്ല. കൂടാതെ 5 ലക്ഷത്തിൽ കൂടുതൽ എസ്റ്റിമേറ്റുള്ള പ്രവൃത്തിയായിരുന്നിട്ടും ടെൻഡർ നടപടി സ്വീകരിക്കുകയോ സർക്കാർ അംഗീകൃതമായ മറ്റ് സ്ഥാപനങ്ങളിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങി വിലനിലവാരം, ഗുണം എന്നിവ താരതമ്യം ചെയ്ത് ഇതിലും കുറഞ്ഞ നിരക്കിൽ ഇതേ പ്രവൃത്തി ലഭ്യമാകുന്നതിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തിയതായും കാണുന്നില്ല. മേൽ പറഞ്ഞ പ്രവൃത്തിയിൽ കണ്ട ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചേർത്ത പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-31 റോഡിലെ പോസ്റ്റുകൾ മാറ്റൽ : ഡെപ്പോസിറ്റ് പ്രവൃത്തി – വിശദാംശങ്ങളില്ല.

| | |
|---|---|
| പ്രോജക്ട് നം | 165 /23 |
| പ്രോജക്ടിന്റെ പേര് | റോഡിൽ തടസ്സം നേരിടുന്ന പോസ്റ്റുകൾ മാറ്റൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹3,00,000/- (വികസനഫണ്ട്- ജനറൽ) |
| ചെലവ് | ₹3,00,000/- |
| ബിൽ നം, തീയതി | 1)22110352003001576625/31.03.23 – 2,74,374/-<br>2)22110352003001525162/28.03.23 – 25,626/-<br>ആകെ – ₹ 3,00,000/- |

മേൽ പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി. വടക്കേക്കര സെക്ഷനിൽ നിന്നും ലഭ്യമായ 25,626/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം തുക അടവാക്കുകയുണ്ടായി. ഇതു കൂടാതെ മൂത്തകുന്നം സെക്ഷനിൽ 2,74,374/-രൂപ അടവാക്കുകയുണ്ടായി. എന്നാൽ അടവാക്കിയതിന് അനുസൃതമായ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. സ്ഥാപനവുമായി കരാർ വച്ച രേഖകളും ഫയലിൽ ഇല്ല. തുക അടവാക്കി 9 മാസമായിട്ടും പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന് വിവരങ്ങൾ ലഭ്യമല്ല. മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും മറുപടിയുടേയും അഭാവത്തിൽ 3,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-32 തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ

| | |
|---|---|
| പ്രോജക്ട് നം | 65/23 |
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്ക് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,50,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 1,49,500/- |
| ബിൽ നം, തീയതി | 1. XVFC/2022-23/P/8/14.11.2022 – 1,17,250/-<br>2. XVFC/2022-23/P55/29.03.23 – 32,250/-<br>ആകെ – ₹1,49,500/- |

മേൽ പ്രോജക്ടിനായി ടെൻഡർ ചെയ്തത് പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.ആന്റണി കെ.എൽ, മന്നം, എന്നവരുടെ നിരക്ക് അംഗീകരിക്കുകയായിരുന്നു. ഇൻവോയ്സ് നമ്പർ 22-23/23.3.2023 പ്രകാരം എൽ.ഇ.ഡി. 50 വാട്സ് 15 എണ്ണം വാങ്ങിയത് 32,250/-രൂപയ്ക്കാണ്. എന്നാൽ പ്രസ്തുത ലൈറ്റുകൾ ഫിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. കൂടാതെ 1,17,250/ രൂപയ്ക്ക് 409 (10W)

എൽ.ഇ.ഡി.യും 10 (24W) എൽ.ഇ.ഡി.യും ലഭിച്ചതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ഇൻവോയ്സ് ഫയലിൽ ഇല്ല. ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ 1,49,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 പാൽ അളന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല .

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 6/23 | |
| പ്രോജക്ടിന്റെ പേര് | പാൽ വില സബ്സിഡി | |
| അടങ്കൽ | 7,50,000/- | |
| ഫണ്ടിനം | പ്ലാൻഫണ്ട് :- ₹3,00,000/-<br>ധനകാര്യ കമ്മീഷൻ ഗ്രാൻഡ് :-₹50,000/-<br>ബ്ലോക്ക് വിഹിതം :-₹4,00,000/- | |
| ചെലവ് | 7,50,000/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | |
| | ബിൽ നം. / തീയതി | തുക |
| | 1.VGP(G1)01/2022-23/07.12.2022 | 1,26,981/- |
| | 2.VGP(B1)02/2022-23/07.12.2022 | 2,57,505/- |
| | 3.VGP(B2)03/2022-23/24.02.2023 | 1,42,495/- |
| | 4.VGP(G2)04/2022-23/24.02.2023 | 66,761/- |
| | 5.VGP(G3)05/2022-23/16.03.2023 | 74,871/- |
| | 6.VGP(G4)06/2022-23/18.03.2023 | 31,387/- |
| | 7.VGP(G5)07/2022-23/31.03.2023 | 50,000/- |
| | ആകെ | 7,50,000/- |

വടക്കേക്കര ഗ്രാമപഞ്ചായത്തിലെ പാൽ അളക്കുന്ന ക്ഷീരകർഷകരാണ് ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ. മേൽപ്പറഞ്ഞ പ്രകാരം വിവിധ സംഘങ്ങളിൽ അളന്ന പാലളവിനനുസൃതമായാണ് ഗുണഭോക്താക്കൾക്ക് ലിറ്ററിന് മൂന്നു രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചിട്ടുള്ളത്. എന്നാൽ ക്ഷീരസംഘങ്ങളിൽ കർഷകർ പാൽ അളന്നതിന്റെ വിശദാംശങ്ങൾ ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല (ഉദാഹരണം: പുതിയകാവ്, വടക്കുംപുറം, മടപ്ലാത്തുരുത്ത്, കോട്ടുവള്ളിക്കടവ്). അതിനാൽ അളന്ന പാലിന് അനുസൃതമായാണോ തുക അനുവദിച്ചത് എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ രേഖകൾ ലഭ്യമാക്കി ചെലവ് ഇനത്തിലെ തടസ്സം ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതുവരെ 7,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 സേവന ഫീസ് - ഉത്തരവിൻമേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെ 8.03.2019 ലെ സ.ഉ(അച്ചടി) നം 28/2019/ധന ഉത്തരവ് പ്രകാരം പഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് 5 % നിരക്കിൽ അധിക ഫീസ് വാങ്ങാവുന്നതാണ്. ഗ്രാമപഞ്ചായത്ത് പ്രസ്തുത വിഷയം സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. പ്രസ്തുത ഉത്തരവ് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്ത് യുക്തമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 1-35 തോട് ശുചീകരണം - എസ്റ്റിമേറ്റ് / ഡാറ്റ തയ്യാറാക്കൽ - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ എഞ്ചിനീയറിംഗ് വിഭാഗം നടപ്പാക്കിയ തോട് ശുചീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ഡാറ്റ എന്നിവ തയ്യാറാക്കിയതിൽ അപാകതയുള്ളതായി കാണുന്നു. 2022-23 സാമ്പത്തിക വർഷം താഴെ പറയുന്ന അഞ്ച് തോട് ശുചീകരണ പ്രോജക്ടുകളാണ് പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് നം / പേര്/ കരാറുകാരൻ | ഫണ്ടിനം/ അടങ്കൽ | ചെലവ് - ബിൽ നം |
|---|---|---|---|
| 1 | പ്രോജക്ട് നം 48, തോട് ശുചീകരണം വാർഡ് 1,2,19,20., സി എസ് അനീഷ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 259511 | 259511. – 55/8.07.2022 |
| 2 | പ്രോജക്ട് നം 49, തോട് ശുചീകരണം വാർഡ് 3,4,5,6., സി എസ് അനീഷ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 440000 | 253722. – 380/20.03.2023 |

| | | | |
|---|---|---|---|
| 3 | പ്രോജക്ട് നം 50, തോട് ശുചീകരണം വാർഡ് 8,9,13,14., സി എസ് അനീഷ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 440000 | 251389. – 382/20.03.2023 |
| 4 | പ്രോജക്ട് നം 51, തോട് ശുചീകരണം വാർഡ് 15,16,17,18., സി എസ് അനീഷ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 264109 | 264109. – 56/8.07.2022 |
| 5 | പ്രോജക്ട് നം 52, തോട് ശുചീകരണം വാർഡ് 7,10,11,12., സി എസ് അനീഷ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 440000 | 257457. – 381/20.03.2023 |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു. ( നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( നം 8/12.11.2023) നൽകി. ആയതിന് 14.11.2023 ന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത് ).

1.എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത.

വിവിധ പ്രോജക്ടുകൾക്ക് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റിലെ അപാകതകൾ താഴെ ചേർക്കുന്നു.

(A)ക്രമ നം 1, 2 എന്നിവയിലെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളിൽ താഴെ ചേർക്കുന്ന രണ്ട് ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(1) Od 1514346/2921/2022 – Earth Work Excavation......hydraulic Excavator.

(2)2.31 – Clearing Jungle... Outside The Periphery Of Area Cleared.

ആദ്യ ഇനത്തിൽ തന്നെ Mate And Coolie ഉൾപ്പെടുത്തിയിട്ട് വീണ്ടും Clearing Jungle... Outside The Periphery Of Area Cleared. കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

(B)ക്രമ നം 3ലെ പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ രണ്ട് ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(1)od 1514346/2921/2022 – Earth Worl Excavation......hydraulic Excavator.

(2)od 1514347/2021/2022 – Removal Of Unsuitable Soil With Disposal Up To 1000 M.

ആദ്യ ഇനത്തിൽ തന്നെ Hire And Running Charges Of Loader ഉൾപ്പെടുത്തിയിട്ട് വീണ്ടും Removal Of Unsuitable Soil With Disposal Up To 1000 M കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

(C)ക്രമ നം 5 ലെ പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ മൂന്ന് ഇനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. (ക്രമം നം 4 ൽ Earth Worl Excavation മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.)

(1)od 1514635/2921/2022 – Earth Worl Excavation......hydraulic Excavator.

(2)od 1514636/2021/2022 – Removal Of Unsuitable Soil With Disposal Up To 1000 M.

(3)2.2.31 – Clearing Jungle... Outside The Periphery Of Area Cleared.

ആദ്യ ഇനത്തിൽ തന്നെ Hire And Running Charges Of Loader ഉൾപ്പെടുത്തിയിട്ട് വീണ്ടും Removal Of Unsuitable Soil With Disposal Up To 1000 M കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റേയും ആദ്യ ഇനത്തിൽ തന്നെ Mate And Coolie ഉൾപ്പെടുത്തിയിട്ട് വീണ്ടും Clearing Jungle... Outside The Periphery Of Area Cleared കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റേയും കാരണം വ്യക്തമല്ല.

ഒരേ പോലുള്ള പ്രവൃത്തികളിൽ വിവിധ തരം എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് സംബന്ധിച്ച് വ്യക്തത ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ മാലിന്യത്തിന്റെ തോത്, അളവ് എന്നിവ പരിഗണിച്ചാണ് എസ്റ്റിമേറ്റുകളിൽ മാറ്റം വരുത്തേണ്ടി വന്നത് എന്ന് അറിയിച്ചു.

2.മണ്ണിന്റെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

(1) മേൽ പട്ടികയിലെ ക്രമ നം (3) ലെ പ്രവൃത്തി.

(2) മേൽ പട്ടികയിലെ ക്രമ നം (4) ലെ പ്രവൃത്തി.

ഈ പ്രവൃത്തികളിൽ മണ്ണിന്റെ ഉപയോഗം സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഫയലിലോ , എം ബുക്കിലോ ഇല്ല. ഇക്കാര്യം സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ മണ്ണിന്റെ അളവ് ഉണങ്ങിയതിന് ശേഷം രേഖപ്പെടുത്താൻ വെച്ചിരുന്നതിനാലാണ് ഉൾപ്പെടുത്താൻ വിട്ടുപോയത് എന്ന് അറിയിച്ചു.

3.മണ്ണ് ലേല / ഉപയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നം 48, തോട് ശുചീകരണം വാർഡ് 1,2,19,20 ന്റെ ഭാഗമായി ലഭിച്ച 707.106 എം ക്യൂബ് മണ്ണ് തോടുകളുടെ തീരത്ത് നിക്ഷേപിച്ചിട്ടുള്ളതായും ആയത് സെക്രട്ടറിക്ക് കൈമാറുന്നതായും കാണിച്ച് അസി:എഞ്ചിനീയർ 4/7/2022 ന് കത്ത് നൽകിയിട്ടുണ്ട്. ആയതിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയില്ല.

4.ഡാറ്റ തയ്യാറാക്കിയതിലെ അപാകത.

എർത്ത് വർക്ക് എക്സ്കവേഷന്റെ ഒബ്സർവ്ഡ് ഡാറ്റയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

Earthwork For Rough Excavation In Or Under Water Or Liquid Mud For Any Kinds Of Soil Including The Depositing The Excavated Earth Up To A Distance Of 50 M Using Hydraulic Excavator.

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0020 | Hydraulic Excavation ( 3D )With Driver And Fuel | Day | 0.04100 | 7000 | 287.00 |
| 0018 | Hire And Running Charges Of Loader | Day | 0.04100 | 5000 | 205.00 |
| 0128 | Mate | Day | 0.32000 | 617.00 | 197.44 |
| 0115 | Coolie | Day | 1.20000 | 558.00 | 669.60 |
| TOTAL | | | | | 1359.04 |
| Cost For 10.0 Cum | | | | | 1359.04 |
| Cost For Ine Cum | | | | | 135.9 |
| Say | | | | | 135.9 |

| | |
|---|---|
| Add Water Charges@1.0 % | 1.35 |
| Add CPOH@15% | 20.58 |
| Cost Index 35.59% | 56.17 |
| Total With Cost Index | 214.03 |
| Say | 214.03 |

മണ്ണ് മാറ്റി നിക്ഷേപിക്കുന്നത് സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് യാതൊരു തീരുമാനവും സ്വീകരിച്ചിട്ടില്ലാത്തതും , ഫയൽ, എം ബുക്ക് എന്നിവയിലെ രേഖപ്പെടുത്തൽ പ്രകാരം തോട്ടിൽ നിന്ന് നീക്കം ചെയ്ത മണ്ണ് തോടിന്റെ കരയിൽ തന്നെ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്. മാത്രവുമല്ല സ്കെച്ച്, പ്ലാൻ എന്നിവ പ്രകാരം തോടിന്റെ കരയിൽ പലതിലും റോഡുകളാണ്. ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള തോടിൽ റോഡിന്റെ കരയിൽ തന്നെയാണ് മണ്ണ് ഇട്ടിട്ടുള്ളത്. ഇക്കാരണങ്ങളാൽ മണ്ണ് നീക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്ന Loader ഉൾപ്പെടുന്ന ഡാറ്റ ഉപയോഗിക്കേണ്ടതില്ലാത്തതും മണ്ണ് നീക്കം ചെയ്തിട്ടില്ലാത്തതിനാൽ തുക അനുവദിക്കേണ്ടതില്ലാത്തതുമാണ്. പ്രസ്തുത ഇനം ഒഴിവാക്കിയാൽ അനുവദിക്കാവുന്ന നിരക്ക് 189.32 / എം ക്യൂബ് ആണ്. പ്രസ്തുത ഇനം ഉൾപ്പെടുത്തിയതും അധിക നിരക്ക് അനുവദിച്ചതും സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച് എറണാകുളം ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലേക്കും അനുവദിച്ച ഒബ്സർവ്ഡ് ഡാറ്റയാണ് വടക്കേക്കര പഞ്ചായത്തിലും ഉപയോഗിച്ചിട്ടുള്ളത് എന്ന് അറിയിച്ചു. പ്രസ്തുത ഡാറ്റയിൽ മണ്ണ് പ്രവൃത്തി സ്ഥലത്ത് നിന്ന് മാറ്റുന്ന ഇനം (ലോഡർ) കൂടി ഉൾപ്പെട്ടതാണ് എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് വ്യക്തമായ മറുപടി/വിശദീകരണം ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

ഓഡിറ്റ് പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തും , എൻജിനീയറിംഗ് വിഭാഗവും വിശദമായ സംയുക്ത പരിശോധന നടത്തേണ്ടതും കരാറുകാരന് അധിക തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

1-36 റോഡ് റെസ്റ്റോറേഷൻ ചാർജ് - ജി.എസ്.ടി. അടവാക്കിയില്ല – ഇതര അപാകതകൾ

ഗ്രാമപഞ്ചായത്തിൽ റോഡ് കട്ടിംഗിന് അനുമതി നൽകുന്നതിന് ലഭിക്കുന്ന റോഡ് കട്ടിംഗ് ചാർജിൽ ഉൾപ്പെടുത്തി ലഭിക്കുന്ന ജി.എസ്.ടി. തുക സർക്കാരിലേക്ക് അടവാക്കുന്നില്ല. അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറികൾ ( നം 9/10.11.23,14/13.11.23)നൽകി. ആയതിന് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്. അപാകതയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

റോഡ് കട്ടിംഗിന് അനുമതി നൽകുമ്പോൾ ഈടാക്കുന്ന റോഡ് റെസ്റ്റോറേഷൻ ചാർജിൽ റെസ്റ്റോറേഷൻ ചാർജ്, സെന്റേജ് ചാർജ്, ജി.എസ്.ടി. എന്നിവ ഉൾപ്പെടുന്നുണ്ട് ( പൊതുമരാമത്ത് വകുപ്പ് ഉത്തരവ് നം ജി ഒ ( എം എസ് ) 59/2020 പി ഡബ്ല്യു ഡി / 30.07.2020). ജി.എസ്.ടി. നിരക്ക് 10.2.23 വരെ 12 % വും അതിനു ശേഷം 18 % വും ആണ് ( ചീഫ് എഞ്ചിനീയറുടെ 10.2.23 ലെ CEPWD/2675/2021-C4(W)-RD നം സർക്കുലർ ). പ്രസ്തുത ജി എസ് റ്റി തുക സർക്കാരിലേക്ക് അടവാക്കേണ്ടതാണെങ്കിലും ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയത് അടവാക്കിയതായി കാണുന്നില്ല. ധനകാര്യ പത്രിക പ്രകാരം 2022-23 ൽ ലഭിച്ച റോഡ് റെസ്റ്റോറേഷൻ ചാർജ് 3,41,557/- രൂപയാണ് ( 140500209 -Restoration Charges For Road Cutting ). പ്രസ്തുത തുകയിൽ പഞ്ചായത്തിന് അർഹതപ്പെട്ട 3,00,570/-രൂപയും ( 88 %, തുക വരവ് വന്ന തീയതി 10.2.23 ന് മുൻപ് ) സർക്കാരിലേക്ക് അടവാക്കേണ്ട 40,987/- ( 12 % ) രൂപയും

ഉൾപ്പെടുന്നു. സർക്കാരിലേക്ക് അടവാക്കേണ്ട ജി.എസ്.ടി. തുക അടവാക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഫീസ് നിർണ്ണയിക്കുന്ന എൽ ഐ ഡി & ഇ ഡബ്ല്യു വിഭാഗത്തിൽ നിന്ന് റെസ്റ്റോറേഷൻ ചാർജ്, ഡെപ്പോസിറ്റ് തുക എന്നീ രണ്ട് ഇനങ്ങളിലായാണ് തുക നിർണ്ണയിച്ച് നൽകിയിരുന്നതെന്നും ജി.എസ്.ടി. തുക പ്രത്യേകം രേഖപ്പെടുത്തി നൽകിയിരുന്നില്ല എന്നും അറിയിച്ചു. എൽ ഐ ഡി & ഇ ഡബ്ല്യു വിഭാഗത്തിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സമീപ വർഷങ്ങളിൽ ലഭിച്ച റോഡ് റെസ്റ്റോറേഷൻ ചാർജിന്റെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ലഭിച്ച റോഡ് റെസ്റ്റോറേഷൻ ചാർജ് |
|---|---|
| 2019-20 | 5,25,000/- |
| 2020-21 | 25,500/- |
| 2023-24 (നാളിതു വരെ ) | 86,902/- |

2022- 23, 23-24 വർഷങ്ങളിലെ ജി.എസ്.ടി. സർക്കാരിലേക്ക് അടവാക്കുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1.റോഡ് കട്ടിംഗ് അനുമതികൾ സംബന്ധിച്ച ഫയൽ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്.

2.ജി.എസ്.ടി. ഇനത്തിൽ 2022-23 വർഷം സർക്കാരിലേക്ക് അടക്കാനുള്ള 40,987/- രൂപയുൾപ്പെടെ ഇതര വർഷങ്ങളിലെ ജി.എസ്.ടി. തുകയും നിർണ്ണയിച്ച് സർക്കാരിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-37 മട്ടുപ്പാവ് പച്ചക്കറി കൃഷി - വനിത - പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മട്ടുപ്പാവ് പച്ചക്കറി കൃഷി – വനിത |
| പ്രോജക്ട് നം | 128/23 |
| അടങ്കൽ(ഫണ്ട്) | ₹5,55,799/- (വികസനഫണ്ട് -പൊതുവിഭാഗം)<br>₹65,811/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹2,09,840 (ഗുണഭോക്തൃവിഹിതം)<br>ആകെ : ₹8,31,450/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, വടക്കേക്കര ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ കൃഷിയോട് അഭിരുചിയുള്ള വ്യക്തികൾക്ക് ടെറസ്സിലും മറ്റും പച്ചക്കറിക്കൃഷി ചെയ്യുന്നതിനായി ഈ പ്രോജക്ട് വഴി 75% സബ്സിഡി നിരക്കിൽ മൺചട്ടിയിൽ പോട്ടിംങ് മിശ്രിതം നിറച്ച് തൈ ഉൾപ്പെടെ ഒരു ഗുണഭോക്താവിന് 10 പോട്ട് വീതം പച്ചക്കറി തൈകൾ ഉൾപ്പെടുത്തി വിതരണം ചെയ്തു. ഗ്രാമപഞ്ചായത്തിലെ "സമൃദ്ധി കാർഷിക കർമ്മസേന"യിൽ നിന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മൺചട്ടിയിൽ പോട്ടിംങ് മിശ്രിതം നിറച്ച പച്ചക്കറി തൈകൾ വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. മേൽ സൂചിപ്പിച്ചിട്ടുള്ള പ്രോജക്ടിനായി 170/- രൂപ നിരക്കിൽ 488 മൺചട്ടികളാണ് വാങ്ങിയത്. മൺചട്ടികൾക്കായി ഗുണഭോക്തൃവിഹിതം (25%) പഞ്ചായത്തിൽ സ്വീകരിച്ചിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) 5 ലക്ഷത്തിൽ കൂടുതലുള്ള വാങ്ങലുകൾ ടെണ്ടർ നടപടികളിലൂടെയാണ് നടത്തേണ്ടിയിരുന്നത്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 18.11.2022 ലെ സർക്കാർ ഉത്തരവ്(സാധാ)നം.2854/2022 ലെ ക്ലോസ് 5 പ്രകാരം മൺചട്ടികളും ടെണ്ടർ നടപടികളിലൂടെയാണ് വാങ്ങേണ്ടതെന്ന് നിഷ്കർഷിക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ HDPE ചട്ടികൾക്ക് മാത്രമാണ് ടെണ്ടർ നടപടികൾ ബാധകമെന്നാണ്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ പ്രോജക്ടിനായി ചെടിച്ചട്ടികൾ വാങ്ങിയതിന് നിർവ്വഹണോദ്യോഗസ്ഥ നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

2) ഫയലിൽ ലഭ്യമാക്കിയിട്ടുള്ള ബില്ലിൽ ചെടിച്ചട്ടിയുടെ ഡയമീറ്റർ, മറ്റു വിശദാംശങ്ങൾ എന്നിവയൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

3) ലഭ്യമാക്കിയിട്ടുള്ള ബിൽ പ്രകാരം മൺചട്ടി, പോട്ടിങ്ങ് മിശ്രിതവും തൈയ്യും ഉൾപ്പെടെയെന്നാണ്(488 യൂണിറ്റ്സ്). കാർഷിക കർമ്മസേന സ്വയം നിർമ്മിച്ച ചട്ടികൾ അല്ലാത്തതിനാൽ ആയത് വാങ്ങിയതിന്റെ ബിൽ ഫയലിൽ ഇല്ല. ആയതിനാൽ മതിയായ രേഖകൾ ഹാജരാക്കേണ്ടതും മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന് അധിക നിരക്ക് - 2,000/- രൂപ നഷ്ടം.

ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ രണ്ട് മെറ്റീരിയൽ പ്രവൃത്തികളിൽ ടെണ്ടറിൽ ഉൾപ്പെടാത്ത ഇനം പ്രവൃത്തി വെണ്ടർമാർ ചെയ്തു. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കലിന് (3,000/- രൂപ നിരക്കിൽ ) ഐശ്വര്യ കൃഷി യൂണിറ്റ് എന്ന കുടുംബശ്രീ യൂണിറ്റിനെയാണ് 30.09.2022ലെ 1/2 നം. തീരുമാന പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ വെണ്ടർമാർ തന്നെയാണ് ടെണ്ടറിൽ ഉൾപ്പെടാത്ത സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ എന്ന പ്രവൃത്തി ചെയ്തിട്ടുള്ളത്.

| ക്രമ മം | പ്രവൃത്തിയുടെ പേര് , നം | വെണ്ടറുടെ പേര് | എഫ്.ടി.ഒ. നം. | ബിൽ നമ്പർ | എം ബുക്ക് | അനുവദിച്ച തുക |
|---|---|---|---|---|---|---|
| 1 | വാർഡ് 5, നോർത്ത് ഹോസ്റ്റൽ റോഡ് ടൈൽ വിരിക്കൽ, RC /376659 | സാലി പി ജെ | 0121/15.05.23 | 857/29.03.2023 | 285/22-23 | 4000 |
| 2 | വാർഡ് 13 ശ്രീധരൻ മാസ്റ്റർ റോഡ് കോൺക്രീറ്റിംഗ്, RC 337105 | ലിന്റോ കെ ഡി | 9121/22.02.23 | 280/11.10.2022 | 74/22-23 | 4000 |

പ്രവൃത്തി നിർവ്വഹണത്തിലെ അപാകത താഴെ ചേർക്കുന്നു (അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7/9.11.2023) 13.11.2023 ൽ ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്).

1. ടെണ്ടറിൽ ഉൾപ്പെടാത്ത ഇനം പ്രവൃത്തി വെണ്ടർമാർ ചെയ്തു

സി ഐ ബി സ്ഥാപിക്കൽ വെണ്ടർമാർക്ക് വേണ്ടി ടെണ്ടർ ചെയ്ത ഇനത്തിൽ ഉൾപ്പെടാഞ്ഞിട്ടും പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം വെണ്ടർമാർ ചെയ്തു.

2. അധിക നിരക്ക് നൽകി

സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കലിന് ഐശ്വര്യ കൃഷി യൂണിറ്റ് എന്ന കുടുംബശ്രീ യൂണിറ്റിന്റെ നിരക്ക് 3,000/- രൂപയാണ്. എന്നാൽ 4,000/- രൂപ നിരക്കിലാണ് വെണ്ടർമാർ ഈ പ്രവൃത്തി ചെയ്തിട്ടുള്ളത്. ഇക്കാരണത്താൽ 2,000/- രൂപ അധികം നൽകി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ 1,000/- രൂപ വീതം വെണ്ടർമാരിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

. അധികം നൽകിയ തുക (₹2,000/-) വെണ്ടർമാരിൽ നിന്ന് ഈടാക്കാത്ത പക്ഷം ബില്ല് മാറി നൽകിയ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 പഞ്ചായത്തിൽ എ.സി, മറ്റ് ഇലക്ട്രിക്കൽ / ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | 195/23, ഓഫീസിലേക്ക് ഇലക്ട്രോണിക്ക് |

| | |
|---|---|
| | ഉപകരണങ്ങൾ |
| അടങ്കൽ (ഫണ്ട്) | 4,50,000/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 3,74,972/- |
| ബിൽ നം./തീയതി - തുക | 1) 22110352003001097621/27.01.2023 – 48,262 /-<br>2) 22110352003001149955/07.02.2023 – 1,17,630 /-<br>3) 22110352003001334821/27.01.2023 – 8,000 /-<br>4) 22110352003001472095/27.01.2023 – 2,01,080 /-<br>ആകെ – 3,74,972 /- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ എ.സി, മറ്റ് ഇലക്ട്രിക്കൽ / ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം ആകെ 3,74,972/- രൂപക്ക് സാധനങ്ങൾ വാങ്ങുകയുണ്ടായി. 9.1.23ന് ടെൻഡർ നോട്ടീസ് നൽകിയതായി ഫയലിൽ ഉണ്ടെങ്കിലും ക്വട്ടേഷനുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ഒഴികെ 25000/- രൂപക്ക് മുകളിലുള്ള എല്ലാ വാങ്ങലുകളും നിർബന്ധമായും 'ജെം' പോർട്ടലിലൂടെ ആയിരിക്കണമെന്നാണ് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. ജെമ്മിലൂടെയുള്ള വാങ്ങൽ രീതി ഒഴിവാക്കി ടെൻഡർ നടപടിയിലൂടെ വാങ്ങിയത് ശരിയായ നടപടിയല്ല. മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി പഴയ രീതിയിൽ ടെൻഡർ നടപടി വഴി വാങ്ങിയതിലും നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ പറഞ്ഞ വാങ്ങലുകളിൽ 3 എയർ കണ്ടീഷണറുകളും വാങ്ങിയിട്ടുണ്ട്. എന്നാൽ ലഭ്യമായ ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ബ്രിക്സൺ ടെക്കനോളജീസ് എന്ന സ്ഥാപനം ക്വോട്ട് ചെയ്ത നിരക്ക് 1,11,000/- രൂപയാണ്. (3 എണ്ണത്തിന്) (Supply&Installation ഉൾപ്പെടെ) എന്നാൽ 'പിട്ടാപ്പിള്ളിൽ ഏജൻസീസ്' ക്വോട്ട് ചെയ്ത ഉയർന്ന നിരക്കായ 1,17,630/- രൂപയ്ക്കാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. അധികമായി ചെലവഴിച്ചത് 6,630/- രൂപ. പ്രൊക്യൂർമെന്റ് കമ്മറ്റി മിനിറ്റ്സിലും ആയത് സംബന്ധിച്ച യാതൊരു തീരുമാനവും കൈക്കൊണ്ടതായി കാണുന്നില്ല. (പ്രൊക്യൂർമെന്റ് കമ്മറ്റി മിനിറ്റ്സിലും 19.7.2021 (Page-84) ന് ശേഷം പിന്നീട് യോഗം ചേർന്നതിന്റെ വിവരങ്ങളില്ല (Page- 88 To 93).

'ജെം' പോർട്ടലിൽ നിന്നും വാങ്ങൽ ഒഴിവാക്കി ഇലക്ട്രോണിക്സ് & അക്സസറീസ് ഇനത്തിൽ 2,01,080/- രൂപക്ക് ബ്രിക്സൺ ടെക്നോളജീസിൽ നിന്നും ബിൽ നം 22110352003001472095/25.3.23 പ്രകാരം വേറെയും സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതും ശരിയായ നടപടിക്രമമല്ല. മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. എയർ കണ്ടീഷണറുകളും മറ്റും കൂടിയ നിരക്കിൽ വാങ്ങിയ ഇനത്തിലുള്ള ചെലവ് നഷ്ടം 6,630/- രൂപ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ട ശീർഷകത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തിരിച്ചടവാക്കേണ്ടതാണ്. മേൽ ചേർത്ത മറ്റ് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | 2022-23 ചെലവ് | നീക്കിയിരുപ്പ് തുക |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | കിടപ്പിലായ രോഗികൾക്ക് വീട്ടിൽ ചെന്നുള്ള പരിചരണം (S0028/23) | 1,00,000 | 0 |
| | 10,00,000 | ലൈഫ് ഭവന പദ്ധതി-വീട് നിർമ്മാണം - ജനറൽ (S0069/23) | 10,00,000 | 0 |
| | 2,99,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ബത്തയും നൽകൽ (S0026/23) | 2,99,000 | 0 |
| | 7,30,000 | ലൈഫ് ഭവന നിർമ്മാണം - എസ്.സി (S0070/23) | 7,30,000 | 0 |
| | 4,00,000 | പാൽവില സബ്സിഡി (S0006/23) | 4,00,000 | 0 |
| | 17,546 | വിശപ്പ് രഹിത കേരളം (S0091/23) | 17,546 | 0 |
| | 25,46,546 | ആകെ | 25,46,546 | 0 |
| എറണാകുളം ജില്ലാ പഞ്ചായത്ത് | 4,30,000 | ലൈഫ് ഭവന പദ്ധതി-വീട് നിർമ്മാണം - ജനറൽ (S0069/23) | 4,30,000 | 0 |
| | 1,50,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ബത്തയും നൽകൽ (S0026/23) | 1,50,000 | 0 |
| | 2,50,000 | ലൈഫ് ഭവന നിർമ്മാണം - എസ്.സി (S0070/23) | 2,50,000 | 0 |
| | 2,34,000 | വിജയഭേരി വിദ്യാഭ്യാസ സ്കോളർഷിപ്പ് (S0204/23) | 2,34,000 | 0 |
| | 2,90,740 | ഫിഷറീസ് റോഡ് റീടാറിംഗ് – വാർഡ് 20 (S0172/23) | 2,90,740 | 0 |
| | 4,98,445 | മെയിന്റനൻസ് ഓഫ് ചർച്ച് ഈസ്റ്റ് റോഡ് – വാർഡ് 17 (S0171/23) | 4,98,445 | 0 |
| | 9,87,200 | ടി ഐ സർവ്വൻ റോഡ് റീടാറിംഗ്- വാർഡ് 5 (S0170/23) | 9,87,200 | 0 |
| | 10,94,903 | തെക്കേത്തുരുത്ത് – മട്ടയ്ക്കാത്തുരുത്ത് ഗോതുരുത്ത് ലിങ്ക് പാലം റോഡ്– വാർഡ് 8 (S0166/23) | 10,94,903 | 0 |
| | 11,81,872 | സെന്റ് ജോർജ് പള്ളി റോഡ് – വാർഡ് 9 (S0122/23) | 11,81,872 | 0 |
| | 4,67,400 | ചെറുക്ക റോഡ് ടാറിംഗ് – വാർഡ് 17 (S0186/23) | 4,67,400 | 0 |
| | 55,84,560 | ആകെ | 55,84,560 | 0 |

2022-23 വർഷത്തെ അക്കൗണ്ട്സിന്റെ B-4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് നിന്ന് ലഭിച്ച തുകയിൽ നീക്കിയിരുപ്പുണ്ട്. എന്നാൽ B-17 ഷെഡ്യൂളിൽ ആയതിന്റെ ബാങ്കിലുള്ള നീക്കിയിരുപ്പ് രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| Code | Head | Amount |
|---|---|---|
| 320700204 | Contribution For Joint Venture Projects (For Revenue Expenditure) – From Block Panchayats | 10,08,712.00 |
| 320700105 | Contribution For Joint Venture Projects (For Capital Expenditure) – From District Panchayats | 2,84,290.00 |

മുകളിൽ സൂചിപ്പിച്ച തുകകൾ 2021-22 ലെ നീക്കിയിരുപ്പ് തുകയാണ്. ആയത് ഏത് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചതെന്ന് വ്യക്തമാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ – സെക്കന്റ് റീച്ച് (എസ് 0036/23) | 1)22200538/ 30.09.2022 | 5,00,000/- | 5,00,000/- | 0 |
| | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (എസ് 0003/23) | 1)22200537/ 30.09.2022 | 15,00,000/- | 15,00,000/- | 0 |
| ആകെ | | | 20,00,000/- | 20,00,000/- | 0 |

കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

എ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 460500202 | ₹ 5,99,827/- | ₹20,00,000/- | ₹ 25,99,827/- | ₹ 0 |

ബി) കേരള ജല അതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | വിനിയോഗക്കാതെ തിരിച്ചടച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|
| 460500201 | ₹ 1,88,000/- | ₹ 0/- | ₹ 22,969/- | ₹ 1,01,941/- | ₹ 63,090/- |

കേരള ജല അതോറിറ്റി 02.11.2022 ൽ ലഭ്യമാക്കിയ എ6-929/18 നം ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം രണ്ട് അംഗൻവാടികൾക്ക് (134 & 137) വാട്ടർ കണക്ഷൻ നൽകുന്ന പ്രവർത്തിക്കായി 2018-19 ൽ നൽകിയ 32,000/- രൂപയിൽ 25,654/- രൂപ വിനിയോഗിച്ചതായി രേഖപ്പെടുത്തേണ്ടതിന് പകരം തെറ്റായി 25,564/- രൂപ വിനിയോഗിച്ചതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 6,346/- രൂപ വിനിയോഗക്കാതെ തിരിച്ചടച്ചിട്ടുണ്ട്. വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന യഥാർത്ഥ തുക 63,000/- രൂപയാണ്. ആയതിനാൽ പ്രസ്തുത ധനവിനിയോഗ സാക്ഷ്യപത്രം തിരുത്തി വാങ്ങി വാർഷിക ധനകാര്യ പത്രികയിൽ ആവശ്യമായ തിരുത്തൽ വരുത്തേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക (ഉത്ഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി കെ.യു.ആർ.ഡി. എഫ്.സി ലോൺ | ജി.ഒ. എം.എസ് 2278/ തസ്വഭവ 18.8.2018 | - | 2,98,76,001 | 35,73,915 | - | 2,63,02,086 |

.

| തിരിച്ചടവിന്റെ വിവരം | | |
|---|---|---|
| ജി.ഒ.പ്രോജക്റ്റ് | | തുക |
| നമ്പർ | പേര് | |
| എസ്.0212/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹ 16,53,718/- |
| എസ്.0215/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | ₹ 16,53,718/- |
| എസ്.0213/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | ₹ 2,59,504/- |
| എസ്.0214/23 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി.എസ്.പി) | ₹ 6,975/- |
| ആകെ | | ₹35,73,915/- |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

2022-23 വാർഷത്തെ അക്കൗണ്ട്സ് പ്രകാരം സ്ഥിര നിക്ഷേപത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2,00,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 50,00,000 |
| ആകെ | 2,50,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,50,00,000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു</u>

| ക്രമ നം. | ബാങ്കിന്റെ പേര്/ സർട്ടിഫിക്കറ്റ് നം. | നിക്ഷേപിച്ച തുക | കാലയളവ്/ പലിശ നിരക്ക് | നിക്ഷേപം പുതുക്കിയ തിയതി | മച്യൂരിറ്റി തിയതി |
|---|---|---|---|---|---|
| 1 | കേരള ബാങ്ക്, മൂത്തകുന്നം 110472 | 50,00,000 | 1 വർഷം 6.75% | 11.01.2023 | 11.01.2024 |
| 2 | കേരള ബാങ്ക്, മൂത്തകുന്നം 110592 | 50,00,000 | 1 വർഷം 7.25% | 03.03.2023 | 02.03.2024 |
| 3 | കേരള ബാങ്ക്, മൂത്തകുന്നം 110593 | 50,00,000 | 1 വർഷം 7.25% | 03.03.2023 | 02.03.2024 |
| 4 | കേരള ബാങ്ക്, മൂത്തകുന്നം 110594 | 50,00,000 | 1 വർഷം 7.25% | 03.03.2023 | 02.03.2024 |
| 5 | കേരള ബാങ്ക്, മൂത്തകുന്നം 110595 | 50,00,000 | 1 വർഷം 7.25% | 03.03.2023 | 02.03.2024 |
| | ആകെ | ₹2,50,00,000 | | | |

സ്ഥിര നിക്ഷേപത്തിന് മേൽ ലഭിക്കുന്ന ബാങ്ക് പലിശ തനത് ഫണ്ട് സൂക്ഷിക്കുന്ന കേരള ബാങ്ക് അക്കൗണ്ട് നം. 11283000000003 ൽ എല്ലാ മാസവും നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നുണ്ട്. തൻ വർഷം സ്ഥിര നിക്ഷേപത്തിന്റെ ബാങ്ക് പലിശ ഇനത്തിൽ 11,21,027/- രൂപ വരവുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

2022-23 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുക അക്കൗണ്ട്സിലെ I-19 ഷെഡ്യൂളിൽ 190200401 (Prior Period Income – Other Incomes) എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | രസീത് നം |
|---|---|---|---|
| 2017-18 | 2-1-B | 240.00 | 1220101294/08.08.2022 |
| 2017-18 | 2-1-B | 240.00 | 1220101310/10.08.2022 |
| 2018-19 | 1-15-3 | 1700.00 | 1220100354/30.04.2022 |
| | ആകെ | 2180 | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2-2 | തൊഴിൽ നികുതി ഈൗടാക്കിയതിൽ കുറവ് | BSNL ഒഴികെ, തുക ഒടുക്കിയിട്ടുണ്ട് |
| | 2-3 | | 2-3 | വസ്തു നികുതി ഈൗടാക്കിയതിൽ കുറവ് | തുക ഒടുക്കിയിട്ടുണ്ട് |
| 2015-16 | 2-2 | | 2-2 | തൊഴിൽ നികുതി ഈൗടാക്കിയതിൽ കുറവ് | തുക ഒടുക്കിയിട്ടുണ്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹6,50,20,190 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹6,67,84,976 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹8,630 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹29,55,557 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | ----- | 2,000 | ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി |
| 3-2 | ----- | 6,630 | ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി |
| ആകെ | | 8,630 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 2,00,000 | ഡോ. സീന, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മൂത്തക്കുന്നം. |
| 1-22 | 3,00,000 | ഡോ.അഫ്സൽ.എ.എസ്സ്,മെഡിക്കൽ ഓഫീസർ, ഹോമിയോ. |
| 1-23 | 25,000 | ശ്രീ.ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി. |
| 1-24 | 9,00,000 | ശ്രീമതി. ലത കെ.പി,ഹെഡ്മിസ്ട്രസ്. |
| 1-25 | 72,457 | ശ്രീ.ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി. |
| 1-26 | 24,000 | ശ്രീമതി. ലത കെ.പി,ഹെഡ്മിസ്ട്രസ്. |
| 1-27 | 50,000 | ശ്രീമതി. ലത കെ.പി,ഹെഡ്മിസ്ട്രസ്. |
| 1-28 | 1,84,600 | ശ്രീ.ജെയിൻ വർഗ്ഗീസ് പാത്താടൻ,സെക്രട്ടറി |
| 1-31 | 3,00,000 | ശ്രീ.ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി. |
| 1-32 | 1,49,500 | ശ്രീ.ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി. |

| | | |
|---|---|---|
| 1-33 | 3,84,486 | ശ്രീമതി സന്ധ്യ.എൻ,ഡയറി ഫാം ഇൻസ്ട്രക്ടർ |
| | 3,65,514 | ശ്രീ. സുനിൽകുമാർ.എം.ബി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 29,55,557 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി. | സെക്രട്ടറി,<br>വടക്കേക്കര<br>ഗ്രാമ പഞ്ചായത്ത് | കളപ്പറമ്പത്ത്,<br>അന്നമനട പി.ഒ.<br>പിൻ – 680741 |
| ഡോ.അഫ്സൽ.എ.എസ്സ്, മെഡിക്കൽ ഓഫീസർ, ഹോമിയോ. | മെഡിക്കൽ ഓഫീസർ (ഹോമിയോ)<br>വടക്കേക്കര<br>ഗ്രാമ പഞ്ചായത്ത് | അയ്യരിൽ നടവില വീട്,<br>അഴീക്കോട്.പി.ഒ.<br>പിൻ – 680666 |
| ശ്രീമതി സന്ധ്യ.എൻ,ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ,ഡയറി എക്സ്റ്റൻഷൻ സർവ്വീസ് യൂണിറ്റ്,ചാത്തന്നൂർ,കൊല്ലം | മണി മന്ദിരം,<br>ആദിച്ചനെല്ലൂർ,കൊല്ലം |
| ശ്രീ. സുനിൽകുമാർ.എം.ബി, ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ | ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ,<br>വടക്കേക്കര ഗ്രാമ പഞ്ചായത്ത് | മരത്തോത്ത് ഹൗസ്,<br>ചെറായി<br>പിൻ – 683514 |
| ശ്രീമതി. ലത കെ.പി, ഹെഡ്മിസ്ട്രസ്. | ഹെഡ്മിസ്ട്രസ്, എസ്.എൻ.വി.ജി.<br>എൽ.പി. സ്കൂൾ, തുരുത്തിപ്പുറം | ഹരിതനിവാസ്,<br>വള്ളുവള്ളി,<br>കൂനമ്മാവ്.പി.ഒ |
| ഡോ. സീന, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി, മൂത്തകുന്നം. | പ്രണവം, ജനത റോഡ്,<br>കച്ചേരിപ്പടി നോർത്ത്,<br>നോർത്ത് പറവൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും അവസാനത്തെ കത്ത് ഇടപാടിന്റെ വിവരം |
|---|---|---|
| 1997-98 | എൽ.എഫ്.ഇ(പി2)895/2000 /25.9.00 | ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് നമ്പർ/തീയതി<br>കെ എസ് എ -ഇ കെ എം (പി12) 1675/2022/23.02.2023 |
| 1998-99 | എൽ.എഫ്.ഇ(പി2)895/2000 /25.9.00 | |
| 1999-2000 | എൽ.എഫ്.ഇ(പി2)1103/01 /12.7.2002 | |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.ഇ(പി2)1080/02 /4.3.2003 | |
| 2001-02 | എൽ.എഫ്.ഇ(പി2)22/04 /29.3.2004 | |
| 2002-03 | എൽ.എഫ്.ഇ(പി2)102/05 /19.11.2005 | |
| 2003-04 | എൽ.എഫ്.ഇ(പി2)98/07 | |
| 2004-05 | എൽ.എഫ്.ഇ(പി2)1855/08 /21.2.09/10.6.09 | |
| 2005-06 | എൽ.എഫ്.ഇ(പി2)1856/08 /21.2.09/10.6.09 | |
| 2007-08 | എൽ.എഫ്.ഇ(പി2)1455/11 /12.04.12/09.07.12 | |
| 2008-09 | എൽ.എഫ്.ഇ(പി2)246/11 /20.8.11 | |
| 2009-10 | എൽ.എഫ്.ഇ(പി2)247/11 /20.8.11 | |
| 2010-11 | എൽ.എഫ്.ഇ(പി2)22/12 /9.2.12/16.3.12 | |
| 2014-15 | കെ എസ് എ -ഇ കെ എം(പി4) 1175/2016/23.07.16 | |
| 2015-16 | കെ എസ് എ -ഇകെ എം(പി4) 1175/2016/23.07.16 | |
| 2016-17 | കെ എസ് എ- ഇ കെ എം(പി12) 1514/2017/26.07.2017 | |
| 2017-18 | കെ എസ് എ- ഇ കെ എം(പി12) 10/2019/23.03.2019 | |
| 2018-19 | കെ എസ് എ- ഇ കെ എം (പി12) 248/2020/18.03.2020 | |
| 2019-20 | കെ എസ് എ- ഇ കെ എം (പി12) 1916/2021/04.07.2022 | അനന്തര റിപ്പോർട്ട് കെ എസ് എ- ഇ കെ എം (പി12) 1916/2021/01.06.2023 |
| 2020-21 | കെ എസ് എ- ഇ കെ എം (പി12) 1917/2021/04.07.2022 | അനന്തര റിപ്പോർട്ട് കെ എസ് എ- ഇ കെ എം (പി12) 1917/2021/15.06.2023 |
| 2021-22 | കെ എസ് എ- ഇ കെ എം (പി12) 150/2023/13.04.2023 | |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vadakkekara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vadakkekara Grama Panchayat for the year 2022-2023

Date: 19/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Vadakkekara Grama Panchayat for the Year 2022-2023 .

**1.Major Observations**

- The mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.
- Cash flow statement is not as per the approved accounting standards.
- The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. Interest loss happened due to own fund investment maintained in current account.
2. E-Tender fees received by Assistant Engineer not fully transferred to Panchayath Fund.
3. Amount received through E-Payment is not credited in bank account on time.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്